പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 3856 | 21/06/2019 ൽ<br>മറുപടിക്ക് |

## പൊതുമേഖല സ്ഥാപനങ്ങളുടെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖല സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>ബി) പൊതുമേഖല സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ സാധിച്ചിട്ടുണ്ടോ; | എ) ഉം ബി) ഉം പൊതുമേഖലാസ്ഥാപനങ്ങളുടെ ഉല്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ അടിസ്ഥാനത്തിൽ ഉല്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | സി) ഉം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം റിയാബ് നേരിട്ട് എല്ലാ മാസവും അവലോകനം നടത്തിവരുന്നുണ്ട്. ഇതിൻെറ തുടർച്ചയായി സെക്ടർ തിരിച്ചും എല്ലാ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുമുള്ള പ്രത്യേക അവലോകന യോഗങ്ങൾ ബഹു.മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും നടത്തുന്നുണ്ട്. കൂടാതെ പൊതുമേഖലാസ്ഥാപനങ്ങളുടെ ഇൻേറണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |

ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകൾ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുന്നതിന് സഹായകമായിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലനപരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള ഇടപെടലുകളിലൂടെ വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും ലാഭം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മാത്രമല്ല കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തന ലാഭം ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ കാര്യക്ഷമത കൂട്ടുന്നതിൻെറ ഭാഗമായി നൂതന ഉൽപ്പാദന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിലവിലെ ഉൽപ്പാദന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ

| | | | |
|---|---|---|---|
| | | | വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. 2019-20ൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടിരൂപ വകയിരുത്തി അനുവദിച്ചിട്ടുണ്ട്. |
| ഡി) | സംസ്ഥാനത്തെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം നിലവിൽ എന്തെങ്കിലും സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; അതിൽ നിന്നും സ്ഥാപനത്തെ സംരക്ഷിക്കുന്നതിന് എന്ത് ക്രിയാത്മകമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | ഡി) | ട്രാവൻകൂർ ടൈറ്റാനിയം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. എന്നിരുന്നാലും മലിനീകരണ നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുതിനുള്ള 17.32 കോടി രൂപയുടെ ചുങ്കവും അതിന്മേലുള്ള പലിശയും ഒരു ബാധ്യതയായി നിൽക്കുന്നുണ്ട്. ഇതിനെതിരെ കേന്ദ്ര ഗവൺമെന്റിൽ റിവ്യൂ ഹർജി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ